# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4367 26.06.2014 -ലെ മറുപടിയ്ക്ക്

## ഹയർ സെക്കന്ററി വിഭാഗത്തിലെ ഹിസ്റ്ററി വിഷയത്തിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | ഹയർ സെക്കന്ററി വിഭാഗത്തിൽ ഹിസ്റ്ററി വിഷയത്തിൽ ജൂനിയർ ടീച്ചർ, സീനിയർ ടീച്ചർ എന്നിവരുടെ എത്ര ഒഴിവുകൾവീതം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ (ഹിസ്റ്ററി) -92<br>ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ സീനിയർ (ഹിസ്റ്ററി) -153 |
| (ബി) | ഹിസ്റ്ററി വിഷയത്തിൽ എച്ച്. എസ്. എസ്. റ്റി. ജൂനിയർ, സീനിയർ വിഭാഗങ്ങളിലെ ഒഴിവുകൾ തസ്തികമാറ്റംവഴി നികത്തുന്നതിനായി 1:3 അനുപാത പ്രകാരം മാറ്റിവെയ്ക്കപ്പെട്ടിട്ടുള്ള ഒഴിവുകൾ എത്രവീതമാണെന്ന് വിശദമാക്കാമോ; | (ബി) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ (ഹിസ്റ്ററി)- 23<br>ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ സീനിയർ (ഹിസ്റ്ററി) -72<br>ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ സീനിയർ തസ്തികയിൽ യോഗ്യരായ ജൂനിയർ അദ്ധ്യാപകരുടെ അഭാവത്തിൽ മാത്രമാണ് 1:3 അനുപാതത്തിൽ ഒഴിവുകൾ മാറ്റിവയ്ക്കുന്നത്. |
| (സി) | പി. എസ്. സി. നിയമന ശുപാർശ ലഭിക്കുന്നതിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിയമന ശുപാർശ പ്രകാരം എത്രപേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ (ഹിസ്റ്ററി)തസ്തികയിൽ 69 ഒഴിവുകളും ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ സീനിയർ (ഹിസ്റ്ററി) തസ്തികയിൽ 66 ഒഴിവുകളും പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ നിയമന ശുപാർശ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ